# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 361 — 06-03-2012-ൽ മറുപടിക്ക്

## അപകട മരണങ്ങളും നഷ്ടപരിഹാരവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ . കെ.വി. അബ്ദുൾ ഖാദർ.<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കൃഷ്ണൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി ലൈനുകളുടെ അറ്റ കുറ്റപ്പണി നടത്തുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) വർഷം തോറും മെയിൻറനൻസ് പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ നടത്തിവരുകയും ചെയ്യുന്നു. ഇതിനു പുറമേ എല്ലാ കൊല്ലവും രണ്ട് കാലവർഷങ്ങൾക്കും മുമ്പായി മഴക്കാലത്ത് സംഭവിക്കാൻ സാദ്ധ്യതയുള്ള അപകടങ്ങളും വൈദ്യുതി തടസ്സങ്ങളും ഒഴിവാക്കുവാനായി പ്രത്യേക പ്രീമൺസൂൺ മെയിൻറനൻസും നടത്തുന്നുണ്ട്. കൂടാതെ ആവശ്യഘട്ടങ്ങളിൽ ബ്രേക്ക്ഡൗൺ മെയിൻറനൻസും നടത്തി വരുന്നു. |
| (ബി) അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ബോർഡിൻെറയോ കോൺട്രാക്ടറുടെയോ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടമരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാർക്കും 3 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്കും |

1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾ അനുസരി-ച്ചാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

അപകടത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മരണപ്പെടുന്ന വ്യക്തിയുടെ പ്രായത്തിന്റേയും മാസവേതന-ത്തിന്റെയും അടിസ്ഥാനത്തിൽ 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ നഷ്ടപരിഹാരമായി നൽകി വരുന്നു. കൂടാതെ ശവസംസ്കാര ചെലവിലേയ്ക്കായി 5,000/-രൂപയും നൽകുന്നുണ്ട്.

3 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളിക്ക് ജോലിക്കിടെ അപകടമരണം സംഭവിക്കു കയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്ന തിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 3 ലക്ഷം രൂപ യിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തേണ്ടതാണ്. അപകട മരണം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് ലഭിക്കേ-ണ്ടുന്ന നഷ്ടപരിഹാര തുക 1923 ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും ആ തുക ബന്ധപ്പെട്ട ഡെപ്യൂട്ടി ലേബർ കമ്മീഷ ണറുടെ ഓഫീസിൽ കെട്ടിവയ്ക്കുവാൻ കരാറുകാരന് രേഖാമൂലം നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം അപകടങ്ങളിൽപ്പെട്ട എത്ര മരണങ്ങൾ സംഭവിച്ചു; ഇതിൽ എത്രപേർക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി നൽകിയെന്ന് വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ലൈനിൽ പണിയെടുത്തു കൊണ്ടിരിക്കെ വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ച ബോർഡ് ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും വിവരങ്ങളും അവരുടെ ആശ്രിതർക്ക് അനുവദിച്ച നഷ്ടപരിഹാര തുകയും അനുബന്ധം ആയി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

| Annexure-A | | | | | | | |
|---|---|---|---|---|---|---|---|
| Sl.No. | Name | Designation | Section | | Date of Accident | Compensation sanctioned as per Employee's Compensation Act, 1923 | Proceedings Date |
| 1 | Merin Issac | Assistant Engineer | Power House | Moolamattom | 20.06.2011 | 859,280 | 04.07.2011 |
| 2 | Prabha K.S | Sub Engineer | Power House | Moolamattom | 20.06.2011 | 644,200 | 04.07.2011 |
| 3 | Binu. S | Line man-I | Electrical Section | Neyyattinkara | 01.06.2011 | 783,560 | 10.10.2011 |
| 4 | Sabu C.T | Line man-I | Electrical Section | Kottayam Central | 22.06.2011 | 657,280 | 05.09.2011 |
| 5 | Shibu T.S | Lineman-I | Electrical Section | Perumbavoor | 27.07.2011 | 793,240 | 18.11.2011 |
| 6 | Biju K.G | Lineman-I | Electrical Section | Adimaly | 15.09.2011 | 773,560 | 14.11.2011 |
| 7 | Ramesan | Electricity Worker | Electrical Section | Nallompuzha | 23.10.2011 | 752,600 | 28.11.2011 |
| 8 | Sivadasan | Overseer | Electrical Section | Keezhuparamba | 06.11.2011 | 682,760 | 20.12.2011 |
| 9 | Vijayan K.L | Lineman-I | Electrical Section | Palode | 27.11.2011 | 682,760 | 01.02.2012 |
| 10 | Sulfikhar Ali Bhutto | Electricity Worker | Electrical Section | Keezhuparamba | 16.12.2011 | 763,240 | 17.12.2011 |
| 11 | Shaji.V | Electricity Worker | Electrical Section | Vythiri | 26.12.2011 | | |
| 12 | Suraj P.K | Lineman-II | Electrical Section | Koyilandy South | 30.12.2011 | 783,560 | 28.02.2012 |
| 13 | Babu | Electricity Worker | Electrical Section | Manacaud | 24.01.2012 | 820,400 | 25.02.2012 |
| 14 | Pradeepkumar | Contractor's workman | Electrical Section | Vattiyoorkavu | 14.06.2011 | 859,280 | 27.06.2011 |
| 15 | Dasan K.P | Contractor's workman | Electrical Section | Vandanmedu | 09.06.2011 | 682,760 | 24.09.2011 |
| 16 | Sugathan | Contractor's workman | Electrical Section | Kattakada | 20.08.2011 | 783,560 | 25.08.2011 |
| 17 | Thomas | Contractor's workman | Electrical Section | Poonjar | 23.09.2011 | | |
| 18 | Suresh | Contractor's workman | Electrical Section | Koyilandy | 10.08.2011 | 741,680 | 30.11.2011 |
| 19 | Kochumon K.X | Contractor's workman | Electrical Section | Manipuzha | 03.11.2011 | | |
| 20 | Saju MP | Contractor's workman | Electrical Section | Thodupuzha | 04.11.2011 | | |
| 21 | Manoharan | Contractor's workman | Electrical Section | Peruvanthanam | 03.11.2011 | 561,520 | 04.02.2012 |
| 22 | Ganapathy | Contractor's workman | Line Mace.Section | Madakkathara | 22.11.2011 | | |
| 23 | Ussainkutty | Contractor's workman | Electrical Section | Thamarassery | 30.12.2011 | | |
| 24 | Vijayakumar | Contractor's workman | Electrical Section | Peyad | 16.02.2012 | | |

Section officer